## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1879** **04.10.2011 ൽ മറുപടിയ്ക്ക്**

### പാമ്പുകടിയേറ്റ് മരണമടയുന്നവർക്കുള്ള ധനസഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. തിലോത്തമൻ | | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) | |
| (എ) | പാമ്പുകടിയേറ്റ് മരണമടയുന്നവരുടെ കുടുംബത്തിനുള്ള ധനസഹായം എത്രയാണ്; ഈ സർക്കാർ അധികാരമേറ്റശേഷം എത്ര കേസുകളിൽ ധനസഹായം നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കാമോ; | (എ) | വനത്തിനുള്ളിൽവച്ച് പാമ്പുകടിയേറ്റു മരണമടയുന്നവരുടെ ആശ്രിതർക്ക് 3 ലക്ഷം രൂപയും വനത്തിന് പുറത്തുവച്ച് പാമ്പുകടിയേറ്റ് മരണമടയുന്നവരുടെ ആശ്രിതർക്ക് 1 ലക്ഷം രൂപയുമാണ് ധനസഹായം നൽകുന്നത്. ഈ സർക്കാർ അധികാരമേറ്റശേഷം 21 കേസ്സുകളിൽ ധനസഹായം നൽകിയിട്ടുണ്ട്. |
| (ബി) | പാമ്പുകടിയേറ്റ് മരണമടയുന്നവരുടെ കുടുംബങ്ങൾക്ക് പ്രസ്തുത ധനസഹായതുക ഈ സർക്കാർ അധികാരമേറ്റശേഷം വർദ്ധിപ്പിച്ചിട്ടുണ്ടോ; | (ബി) | ഇല്ല |
| (സി) | ചികിത്സയ്ക്കായി വൻതുക ചെലവിടാൻ കഴിയാതെ വരുന്നതു നിമിത്തം സമയത്ത് ചികിത്സ കിട്ടാതെ പാമ്പുകടിയേറ്റയാൾ മരണമടയുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഗണിച്ച് സഹായധനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | ഇല്ല. പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്കുള്ള ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | ധനസഹായത്തിന് അപേക്ഷ നല്കിയവരിൽ എത്ര പേർക്ക് തുക അനുവദിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | 73 പേർക്ക് തുക അനുവദിക്കാനുണ്ട്. |

**സെക്ഷൻ ഓഫീസർ**